**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5516** **15-03-2023 - ൽ മറുപടിയ്ക്ക്**

**പശു വളർത്തൽ ലാഭകരമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പശു വളർത്തൽ ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **പശുവളർത്തൽ ലാഭകരമാക്കാൻ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ:**<br><br>1. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 പരിശീലനകേന്ദ്രങ്ങൾ വഴി കറവപ്പശു പരിപാലനം തീറ്റപ്പുൽകൃഷി, വ്യാവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>2. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീര കർഷകന് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പ് വരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ തീർത്ത് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു.<br><br>3. അടിയന്തിര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>4. കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്യുന്ന കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ,പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു. |

5. കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്നു

6. കൃത്രിമ ബീജസങ്കലനം വഴി നിലവിലുള്ള കന്നുകാലി ശേഖരത്തിന്റെ ഗുണമേൻമ ക്രമമായി ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു

7. മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചെയ്തുവരുന്നു.

**<u>പശുവളർത്തൽ ലാഭകരമാക്കാൻ ക്ഷീരവികസന വകുപ്പ് സ്വീകരിച്ച നടപടികൾ:</u>**

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനിക-വത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത, മുൻഗണന എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണത്തിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്.

കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാരാ ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു

**<u>പശുവളർത്തൽ ലാഭകരമാക്കാൻ കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് സ്വീകരിച്ച നടപടികൾ:</u>**

പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ ബീജാധാനത്തിലൂടെ പശുക്കിടാങ്ങളെ മാത്രം ഉത്പാദിപ്പിക്കുന്ന ലിംഗനിർണയം നടത്തിയ ബീജമാത്രകൾ കേരളത്തിലുടനീളം ലഭ്യമാക്കി വരുന്നു. രാഷ്ട്രീയ ഗോകുൽ മിഷനു കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലേക്ക് ലിംഗനിർണയം നടത്തിയ ബീജമാത്രകൾ വിതരണം ചെയ്യുന്നു. ഉയർന്ന ഉത്പാദന ക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉത്പാദിപ്പിക്കുന്നു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. തത്ഫലമായി അടുത്ത തലമുറ പശുക്കളുടെ ഉത്പാദന ക്ഷമത വർദ്ധിക്കുകയും പശുവളർത്തൽ ലാഭകരമാവുകയും ചെയ്യും.

**<u>പശുവളർത്തൽ ലാഭകരമാക്കാൻ കേരള ഫീഡ്സ് ലിമിറ്റഡ് സ്വീകരിച്ച നടപടികൾ:</u>**

ക്ഷീരകർഷകരുടെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കാലിത്തീറ്റയുടെ വിലവർദ്ധനവ്. കാലിത്തീറ്റ നിർമാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം മൂലം 2022 നവംബർ മാസത്തിൽ കേരള

| | | | |
|---|---|---|---|
| | | | ഫീഡ്സ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടും, നിലവിൽ സ്വകാര്യ കമ്പനികളുടെ തത്തുല്യമായ കാലിത്തീറ്റയേക്കാൾ കേരളാഫീഡ്സ് കാലിത്തീറ്റയ്ക്ക് 35 രൂപയുടെ വിലകുറവ് നിലവിലുണ്ട്. |
| (ബി) | ശാസ്ത്രീയ തീറ്റക്രമം, പരിചരണം, രോഗനിയന്ത്രണ മാർഗങ്ങൾ എന്നിവയെക്കുറിച്ച് കർഷകരിൽ കൂടുതൽ അവബോധം വളർത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ 11 ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ വഴി എല്ലാവർഷവും തിരഞ്ഞെടുക്കുന്ന ക്ഷീര കർഷർക്ക് ശാസ്ത്രീയ തീറ്റക്രമം, പരിചരണം, രോഗനിയന്ത്രണ മാർഗങ്ങൾ എന്നിവയിൽ പരിശീലനം നൽകിവരുന്നുണ്ട്.<br>വിവിധ ജില്ലകളിലെ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, ക്ഷീരവികസന വകുപ്പ് നടത്തുന്ന ക്ഷീരോത്സവങ്ങൾ എന്നീ പരിപാടികളിൽ കർഷകർക്ക് അവബോധന ക്ലാസുകൾ നടത്തുന്നു. |
| (സി) | വിപണി ലക്ഷ്യമിട്ട് ഉല്പാദന പ്രക്രിയ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | വിപണി ലക്ഷ്യമിട്ട് ഉല്പാദന പ്രക്രിയ അനുവർത്തിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ സംരംഭകരെ ആകർഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ, വകുപ്പിനു കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങളിലൂടെ നടത്തുന്ന സംരംഭകത്വ പരിശീലന പരിപാടികൾ, ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായുള്ള പരിശീലനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം വഴി കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിലവാര നിയന്ത്രണം സംബന്ധിച്ച പദ്ധതികൾ എന്നിവയിലൂടെ ക്ഷീരമേഖല കൂടുതൽ ലാഭകരമാക്കുന്നതിനും ക്ഷീരവൃത്തിയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും സാധിക്കുന്നു. പരോക്ഷമായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ്ഡ വഴിയുള്ള സഹായങ്ങളും ക്ഷീരകർഷകരെ ഈ മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നു. |
| (ഡി) | തീറ്റയിലെ ചേരുവകൾ ഒരുമിച്ച് വാങ്ങി ഗ്രൂപ്പടിസ്ഥാനത്തിൽ തീറ്റ നിർമ്മിച്ച് മിൽക്ക് സൊസൈറ്റികൾ കേന്ദ്രീകരിച്ച് വിപണനം നടത്താനുള്ള മാർഗ്ഗങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ